ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പാസ്സാക്കിയിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : അതിനാവശ്യമായ ഫാറങ്ങൾ ഇതുവരെ പബ്ലിഷ് ചെയ്തിട്ടില്ല എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ഫാറം താമസംവിനാ പബ്ലിഷ് ചെയ്തിട്ടുണ്ടു്. ഇനിയും എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ ചെയ്യാം.

ശ്രീ. ടി. കെ. ദിവാകരൻ : കൂടുതൽ മിനിമംവേജസ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

മോട്ടോർതൊഴിലാളികൾക്കു മിനിമംവേജസു്.

*326. [22] ശ്രീ. ടി. എ. മജീദു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർതൊഴിലാളികൾക്കു മിനിമം വേജസു് ഏർപ്പെടുത്തിയതു് എതു തീയതിമുതലാണു്; മിനിമംവേജസു് മോട്ടോർ ഉടമകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മിനിമം വേജസു് അനുസരിച്ചുള്ള ജോലിസമയവും വേതനവും എന്തു്;

(സി) ജോലിസമയം വളരെ വർദ്ധിപ്പിക്കുകയും, കൂലി സാരമായി കുറയ്ക്കുകയുമാണു് മോട്ടോർ ഉടമകൾ ചെയ്തിരിക്കുന്നതെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ പരാതിയിന്മേൽ എന്തു നടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പബ്ലിക്കു് മോട്ടോർ ട്രാൻസ്പോർട്ടുതൊഴിലാളികൾക്കു് മിനിമം വേജസു് ഏർപ്പെടുത്തിയതു് 15-10-1954 മുതലാണു്. മോട്ടോർ ഉടമകൾ മിനിമം വേജസു് നടപ്പിലാക്കിയിട്ടുണ്ടു്.

(ബി) പബ്ലിക്കു് മോട്ടോർ ട്രാൻസ്പോർട്ടുതൊഴിലാളികളുടെ ജോലിസമയം ദിവസത്തിൽ 9 മണിക്കൂറിലും ആഴ്ചയിൽ 48 മണിക്കൂറിലും കൂടുതലാകാൻ പാടില്ലെന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. തൊഴിലാളികളുടെ വേതനം സംബന്ധിച്ചു * ഗവണ്മെൻറിന്റെ വിജ്ഞാപനം ഇതോടൊപ്പം സംബന്ധമായി ചേർത്തിട്ടുണ്ടു്.

(സി) മോട്ടോർ ഉടമകൾ ജോലിസമയം വളരെ വർദ്ധിപ്പിച്ചതായും കൂലി സാരമായി കുറച്ചതായുമുള്ള പരാതി ലഭിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദു് : ഈ ഒൻപതു മണിക്കൂർ എന്നു പറയുന്നതു് സ്റ്റിയറിംഗ് ഡ്യൂട്ടിയാണോ ?

* Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്റ്റിയറിംഗ് ഡ്യൂട്ടിയാണോ ഓവറാൾ ടൈം ആണോ എന്നുള്ളതിനെപ്പറ്റി തർക്കം ഉണ്ടായിട്ടുള്ളതുകൊണ്ട് ആ തർക്കം അഡ്ജൂഡിക്കേഷനു വിട്ടിരിക്കുകയാണ്.

ജൂഡീഷ്യറി എക്സിക്യൂട്ടീവ് വിഭജനം.

* 327. [25] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ജൂഡീഷ്യറി എക്സിക്യൂട്ടീവുവിഭജനം നടപ്പിലാക്കിയോ; നടപ്പിലാക്കിയെങ്കിൽ എന്നുമുതൽ ;

(ബി) സിവിൽ ജൂഡീഷ്യറിയിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനം, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവയൊക്ക നിയന്ത്രിക്കുന്നത് ആരാണ്;

(സി) ക്രിമിനൽ ജൂഡീഷ്യറിയിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനവും, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവ നിയന്ത്രിക്കുന്നത് ആരാണ് ;

(ഡി) സിവിൽ ജൂഡീഷ്യറിയുടെ മേലും, ക്രിമിനൽ ജൂഡീഷ്യറിയുടെ മേലും ഹൈക്കോടതിക്കുള്ള നിയന്ത്രണാധികാരത്തിൽ വ്യത്യാസം വരുത്തിയിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1955 മേയ്മാസം 1-ാംതീയതിമുതൽ ജൂഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള വിഭജനം നടപ്പിൽ വന്നിട്ടുണ്ട്.

(ബി) സിവിൽ ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാരുടെ നിയമനം, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവകളെ നിയന്ത്രിക്കുന്നത് ഹൈക്കോടതിയുടെ സൂപ്പർവിഷനിലേക്ക് ഗവണ്മെൻറാണ്.

(സി) ക്രിമിനൽ ജൂഡീഷ്യറി ഉദ്യോഗസ്ഥന്മാരുടെ നിയമനം, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവകളെ നിയന്ത്രിക്കുന്നതും മുമ്പു പറഞ്ഞതുപോലെതന്നെയാണ്.

(ഡി) വ്യത്യാസം ഒന്നുമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സെപ്പറേഷൻ നടത്തിയകാലത്ത് ക്രിമിനൽ ജൂഡീഷ്യറിയിലെ ആഫീസറന്മാരെ നിയമിച്ചതു ഹൈക്കോടതിയുടെ സൂപ്പർവിഷനനുസരിച്ചാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തുടങ്ങിയ കാലത്ത് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരേയും ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാരേയും വേർതിരിക്കുന്ന ആദ്യനടപടി ഹൈക്കോടതിയുടെ അഭിപ്രായത്തോടുകൂടി ഗവണ്മെൻറ് നടത്തി. പിന്നീട് ഹൈക്കോടതിക്കു വിട്ടുകൊടുത്തിരിക്കയാണ്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

[*Please See Answer to Question No.* * *326 (22)*]

NOTIFICATION

LI-16322|53|DD. *9th October 1954.*

In exercise of the powers conferred on them by clause (a) of sub-section (1) of Section 3 read with clause (iii) of sub-section (1) of Section 4 of the Minimum Wages Act 1948 (Central Act XI of 1948) and after considering the advice of the Committee appointed under clause (a) of sub-section (1) of Section 5 of the said Act, Government hereby fix the minimum rates of wages, as specified in the schedule hereto annexed, which shall be payable to the classes of employees in the Public Motor Transport mentioned thereunder.

This Notification shall come into force on and from 15-10-1954.

SCHEDULE.

Road Transport.

Operating Staff.	*Basic Pay.* Rs.	*Dearness Allowance.* Rs.	*Batta*
1 Driver (Bus and Lorry) ..	40	25	Re. 1 per day for days on duty.
2 Conductor ..	30	22	do.
3 Checker or Checking Inspector ..	35	25	do.
4 Booking Clerk|Depot Clerk ..	30	22	Not payable.

LIBRARY ARCHIVES Kerala Legislative Assembly

Highly Skilled workmen.					
5	Electrician	..	40	25	Not payable.
6	Welder		(Daily rate Rs. 2-12-0 consolidated)		
7	Pattern Maker				
8	Moulder				
Skilled workmen.					
9	Assistant Electrician	..	35	25	Not payable.
10	Assistant Welder		(Daily rate Rs. 2-8-0 consolidated)		
11	Assistant Pattern Maker				
12	Assistant Moulder				
13	Blacksmith				
14	Carpenter				
15	Fitter				
16	Upholsterer				
17	Turner				
18	Machinist				
19	Vulcanizer				
20	Tinker				
21	Painter				
Semi Skilled workmen.					
22	Assistant Fitter	..	30	22	Not payable.
23	Hammerman		(Daily rate Rs. 2-4-0 consolidated)		

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I—(*contd.*)

Operating Staff.		*Basic Pay.*	*Dearness Allowance.*	*Batta.*
		Rs.	Rs.	
Unskilled workmen.				
24 Cleaner 25 Greaser 26 Petrol Pump Operator 27 Watchman	..	20	22 (Daily rate Rs. 1-14-0 consolidated)	Not payable.
	BOAT TRANSPORT.			
Licensed Crew.				
1 Serang	..	35	25	One Anna Six Ps. per running hour
2 Driver	..	35	25	do.
3 Boat Master	..	35	25	do.
Unlicensed Crew.				
4 Lascars	..	20	22	do.

N. B.—1. Adolescents 80% of the corresponding daily wages in all the categories.

2. Public Motor Transport Workers (Road Transport) shall be eligible for overtime rates for all work done exceeding 9 hours in a day or 48 hours a week.

3. Public Boat Transport workers shall be eligible for overtime rates for all work done exceeding 16 hours in a 48 hour period or exceeding 48 hours in a week.

Government Secretariat,
Development Department,
Labour Section, Trivandrum.

By order of His Highness the Raj Pramukh,
K. NARAYANA MENON,
Additional Secretary to Government.